# 9

# ദൈവത്തിന്റെ ആലയം

*“നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?” (1 കൊരിന്ത്യർ 3:16).*

ദൈവത്തെ കൂടാതെ, മനുഷ്യൻ, ഒന്നുമല്ല എന്നു അഗസ്റ്റിൻ - നോക്കികാണുന്നു, അദ്ദേഹം എഴുതി, “നമ്മുടെ ഹൃദയങ്ങൾ വിശ്രമ മില്ലാതിരിക്കുന്നു, അവ അവനിൽ വിശ്രമം കണ്ടെത്തുന്നതുവരെ.” ദൈവം, മനുഷ്യരുമായി കൂട്ടായ്മ ആഗ്രഹിക്കുന്നു എന്നതു വിശ്വാ സയോഗ്യമാണ്, അവൻ പറയുന്നു, “എന്റെ ഹൃദയം നിനക്കു വേണ്ടി ചായുന്നു, മനുഷ്യാ, നീ എന്നിൽ വിശ്രമം കണ്ടെത്തുന്നതുവരെ ഞാൻ നിന്നെ സ്നേഹിക്കുന്നു, നിന്റെ രക്ഷയിലും കൂട്ടായ്മയിലും ഞാൻ സന്തോഷിക്കും.”

സർവ്വശക്തനായ ദൈവം മനുഷ്യരോടു കൂട്ടായ്മ കാണിക്കുവാൻ വാസ്തവത്തിൽ ആഗ്രഹിക്കുന്നു എന്നു നമുക്കു വിശ്വസിക്കാമോ? ഇതല്ല അവന്റെ ഇഷ്ടമെങ്കിൽ, പിന്നെ അവൻ എന്തിനാണ് ആകാശവും ഭൂമിയും മനുഷ്യരേയും സൃഷ്ടിച്ചത്? സർവ്വ - ജ്ഞാനിയും, സർവ്വ - ബുദ്ധിയുമുള്ള ദൈവം മനുഷ്യരെ, കളിപ്പാവകളായി, അവനു വിനോ ദത്തിനായി പുരാണങ്ങളിലെ കുട്ടി ദേവന്മാരെ പോലെ ആണെന്നു ആർ വിശ്വസിക്കും? ലോകത്തെ ഉണ്ടാക്കിയ - വൻ മനുഷ്യന്റെ ആത്മീയ ശക്തി കണ്ടു ആകാശവും ഭൂമിയും സൃഷ്ടിച്ച മനുഷ്യനുമായി അവന്റെ കൂട്ടായ്മ ആചരിക്കുവാൻ ആവശ്യപ്പെടുന്നതു വാദിക്കു ന്നുണ്ട്.

നാം വിവേചനത്തിലൂടെ തീർപ്പാക്കുന്നതു തിരുവെഴുത്ത് ഉറപ്പി ക്കുന്നതാണ്. ദൈവം തന്റെ ജനത്തോടു പറഞ്ഞു, “ഞാൻ അവരിൽ വസിക്കുകയും അവരുടെ ഇടയിൽ നടക്കയും ചെയ്യും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും” (2 കൊരി ന്ത്യർ 6:16). അവൻ വീണ്ടെടുത്തു കൂട്ടായ്മയിലേക്കു കൊണ്ടുവരുന്ന

വരെ കുറിച്ചു പറയുന്നു, “ഞാൻ നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും” (2 കൊരിന്ത്യർ 6:18).

ദൈവം തന്റെ ജനവുമായി വസിക്കുമെന്നതു സഭയുമായ ബന്ധത്തിലുള്ള സത്യമാണ്. പുതിയ നിയമത്തിൽ, സഭ ദൈവത്തിന്റെ ആത്മിയ ഭവനമായ, ആലയമാണ് (1 പത്രൊസ് 2:5), അതിൽ ഓരോ ക്രിസ്ത്യാനികളും ഓരോ കല്ലുകളാണ് (1 പത്രൊസ് 2:5), ആത്മാവിൽ ഉള്ള ദൈവം വസിച്ചുകൊണ്ടാണ് കെട്ടിടം മുഴുവൻ പണിയപ്പെടുന്നത് (എഫെസ്യർ 2:21, 22).

സഭ ദൈവാലയമെന്ന തിരിച്ചറിയൽ, സഭയുടെ മറ്റൊരു സ്വഭാവത്തെ വെളിപ്പെടുത്തുന്നു. “ആലയം,” എന്ന വാക്ക് പഴയ നിയമ വിവരണങ്ങളിൽ നിറഞ്ഞു നില്ക്കുന്നതും അതു സഭയ്ക്കു ദൈവത്തോടുളള ബന്ധവും, ദൈവവുമായി സഞ്ചരിക്കേണ്ടതും ആഴത്തിൽ തിരിച്ചറിയുന്നു.

അതുകൊണ്ടു, ക്രിസ്തുവിൽ സഭയെ കൂടുതൽ അടുത്തറിയുവാൻ, നമുക്കു, “സഭ എങ്ങനെ ദൈവാലയമാകും എന്നു ചോദിക്കാം?”

## കൂടി വരുന്ന ഒരു സ്ഥലം

ആദ്യമായി, ദൈവവും മനുഷ്യരും കൂടി വരുന്ന സ്ഥലം ആയതുകൊണ്ടാണ് സഭ ദൈവാലയം ആകുന്നത്. ദൈവവും മനുഷ്യരും ഒരുമിച്ചു കൂട്ടായ്മയിലാകുന്നതാണ് സഭ.

യിസ്രായേൽ സിനായ് പർവ്വതത്തിൽ എത്തിയപ്പോൾ, ദൈവം മൊശെ മുഖാന്തരം അവർക്കു ഒരു നിയമവും, ആരാധിക്കുവാൻ ഒരു സ്ഥലവും നല്കി. ആരാധനാ സ്ഥലത്തിനു “സമാഗമന കൂടാരം,” എന്നു വിളിച്ചിരുന്നു കാരണം അവിടെ വെച്ചാണ് യഹോവ മോശെയേയും, പുരോഹിതന്മാരെയും, തന്റെ ജനത്തെയും കണ്ടുമുട്ടുന്നത് (പുറപ്പാട് 29:42). ആ സമാഗമന കൂടാരത്തിന്റെ വാതില്ക്കൽ വെച്ചാണ് അവർ ദഹനയാഗം തുടർച്ചയായി അർപ്പിച്ചിരുന്നത്, കാരണം ദൈവം പറഞ്ഞു, “... ഞാൻ നിന്നോടു സംസാരിക്കേണ്ടതിനു, യിസ്രായേൽ മക്കൾക്കു വെളിപ്പെടും. അതു എന്റെ തേജസ്സിനാൽ ശുദ്ധീകരിക്കപ്പെടും” (പുറപ്പാട് 29:42, 43). ദൈവം, തനിക്കും തന്റെ ജനത്തിനും കൂട്ടായ്മക്കു ഒരു സ്ഥലം ഒരുക്കിയിരുന്നു.

ഇന്നു, ക്രിസ്തുവിന്റെ അവസാന നിയമമായ പുതിയനിയമത്തിൻ കീഴിൽ, ദൈവം തന്റെ ജനവുമായി സന്ധിക്കുവാൻ തിരഞ്ഞെടുത്ത സ്ഥലമാണ് സഭ. നാം സുവിശേഷം അനുസരിക്കുമ്പോൾ, യേശുവിന്റെ രക്തം നമ്മുടെ പാപങ്ങളെ പോക്കി, വീണ്ടെടുത്തു ദൈവഭവനത്തിലേക്കു ദത്തെടുക്കുന്നു (എഫെസ്യർ 1:5; ഗലാത്യർ 4:6). ക്രിസ്ത്യാനികളായിത്തീരുന്നവർ ദൈവത്തെ അറിയുക മാത്രമല്ല, അവരെ ദൈവം അറിയുകയും ദൈവത്തിന്റെ അവകാശത്തിലേക്കു വരികയും ചെയ്യും (എഫെസ്യർ 1:14; ഗലാത്യർ 4:9). നാം ദൈവമക്കളാകുകയും മക്കളാകകൊണ്ടു ക്രിസ്തു മുഖാന്തരം നിത്യജീവനു അവകാശികളും ആകുന്നു (റോമർ 8:17; ഗലാത്യർ 4:7). നാം സഭയിലേക്കു ദൈവഭവനത്തിലേക്കു പ്രവേശിച്ചു ദൈവവുമായി സ്നേഹത്തിലും,

കൂട്ടായ്മയിലും നടന്നു, യോജിപ്പിലും ആകുന്നു.

മാർഷൽ കീബിളിന്റെ പ്രസംഗത്താൽ വർഷങ്ങൾക്കു മുൻപു സഭ അനുഗ്രഹിക്കപ്പെട്ടിരുന്നു. ആത്മിയ സത്യങ്ങൾ ചിത്രീകരണത്തിലൂടെ അവതരിപ്പിക്കുന്ന ഒരു രീതി അദ്ദേഹത്തിനുണ്ടായിരുന്നു, അതുവഴി അദ്ദേഹം സദസ്യരെ ആകർഷിക്കുകയും സത്യം ആളുകളുടെ മനസ്സിൽ പതിപ്പിക്കുകയും ചെയ്യുമായിരുന്നു. ഒരു രാത്രി അദ്ദേഹം സ്നാനത്തെക്കുറിച്ചു പ്രസംഗിക്കുമ്പോൾ 1 പത്രൊസ് 3:21 ഉദ്ധരിച്ചു: "സ്നാനമോ, ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടുള്ള നല്ല – മനസ്സാക്ഷിക്കായി യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ – നമ്മെയും രക്ഷിക്കുന്നു" ബ്രദർ കീബിൾ പിന്നെ പറഞ്ഞു, "സ്നാനത്തിൽ മൂന്നു പേർ സന്നിഹിതരാകുന്നു. ഒന്നു സ്നാനപ്പെടുന്ന വ്യക്തി, പാപി സ്നാനമേല്ക്കുവാൻ വന്നിരിക്കുന്നു. രണ്ടു, ഉപദേഷ്ടാവു, പാപിയെ സ്നാനപ്പെടുത്തുവാൻ വന്നിരിക്കുന്നു. മൂന്നാമതു, ദൈവം സന്നിഹിതനായിരിക്കുന്നു. ഉപദേഷ്ടാവു പാപിയെ സ്നാനപ്പെടുത്തുമ്പോൾ, ദൈവം പാപിയെ വെള്ളത്തിൽ കണ്ടുമുട്ടുന്നു."

മാർഷൽ കീബിളിന്റെ ചിത്രീകരണം ഒരു പ്രസ്താവന വ്യക്തമാക്കുന്നു. ദൈവം, തന്റെ രക്ഷാപദ്ധതിയുടെ ഭാഗമായി കല്പിച്ചതാണ് സ്നാനം. നാം ക്രിസ്തുവിലേക്കു വരുന്ന സമയം അവസാനമായി അനുസരിക്കുന്ന കല്പനയാണ് അത്. വിശ്വസിച്ചുകൊണ്ടു, മാനസ്സാന്തരപ്പെട്ട പാപികൾ സ്നാനം ഏല്ക്കുമ്പോൾ അവർ രക്ഷയുടെ ബന്ധത്തിൽ വെള്ളത്തിൽ ദൈവവും ക്രിസ്തുവുമായി യോജിക്കുന്നു (റോമർ 6:3; ഗലാത്യർ 4:6).

സുവിശേഷത്തിന്റെ മനോഹാരിത എന്തെന്നാൽ, ദൈവം മനുഷ്യനുമായി കണ്ടുമുട്ടി, കൂട്ടായ്മ ആചരിക്കുവാൻ ഇന്നു സഭ എന്ന സ്ഥലം വെച്ചിരിക്കുന്നു എന്നതാണ്. ചുരുക്കത്തിൽ, ദൈവം ക്രിസ്തീയ കാലഘട്ടത്തിൽ, തന്റെ വചനത്തിൽ പറഞ്ഞിരിക്കുന്നു, "ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ, എന്റെ ആലയത്തിൽ ഞാൻ നിങ്ങളെ കാണും. ഞാൻ നിങ്ങൾക്കു ഒരു രക്ഷാവഴി ഒരുക്കിയിരിക്ക കൊണ്ടു നിങ്ങൾക്കു എന്നെ കണ്ടുമുട്ടുവാനും ആത്മിയജീവൻ പ്രാപിക്കുവാനും കൂട്ടായ്മ ആചരിപ്പാനും അവസരം നല്കിയിരിക്കുന്നു."

**ഒരു വാസസ്ഥലം**

രണ്ടാമതു, സഭ ദൈവത്തിന്റെ ആലയമാകാൻ കാരണം ദൈവം അവിടെ വസിക്കുന്നു. ദൈവം തന്റെ ആലയത്തിൽ നമ്മെ കണ്ടുമുട്ടുക മാത്രമല്ല, അവൻ അതിൽ നമ്മോടു കൂടെ വസിക്കുന്നു. സഭ മുഖാന്തരം ദൈവം തന്റെ ജനങ്ങൾക്കിടയിൽ വസിക്കുന്നു.

മോശെയുടെ ന്യായപ്രമാണത്തിൻകീഴിൽ, ദൈവം യിസ്രായേലിനോടു പറഞ്ഞു, "ഞാൻ യിസ്രായേൽ മക്കളുടെ മദ്ധ്യേവസിക്കയും അവർക്കു ദൈവമായിരിക്കയും ചെയ്യും. അവരുടെ മദ്ധ്യേ വസിക്കേണ്ടതിനു അവരെ മിസ്രയിം ദേശത്തു നിന്നും കൊണ്ടു വന്നവനായി, യഹോവയായ ദൈവം ആകുന്നു; ഞാൻ എന്നു അവർ അറിയും"

(പുറപ്പാട് 29:45, 46). സമാഗമനകൂടാരവും അതിലുള്ളതൊക്കെയും ദൈവം അവരുടെ മദ്ധ്യേ ഉണ്ടെന്നു യിസ്രായേലിനെ ഓർമിപ്പിച്ചിരുന്നു. ദൈവത്തിന്റെ വാഗ്ദാനം അനുസരിച്ചു, ദൈവം തന്റെ തേജസ് യിസ്രായേലിന്റെ സമാഗമന കൂടാരത്തിൽ നിറച്ചിരുന്നു (പുറപ്പാട് 40:34). ദൈവ സാന്നിദ്ധ്യ പ്രദർശനമായി, സമാഗമനകൂടാരത്തിൽ പകൽ മേഘസ്തംഭവും രാത്രിയിൽ അഗ്നിതൂണും നിന്നിരുന്നു. യിസ്രായേൽ പകൽ യാത്ര ചെയ്യുമ്പോൾ മേഘസ്തംഭം അവർക്കു മുമ്പായി നടന്നു, അതു ദൈവ - സഹായം അവർക്കുണ്ടായിരുന്നു എന്നു തെളിയിച്ചു, രാത്രിയിലും അവർക്കു ദൈവ സഹായം ഉണ്ടായിരുന്നു എന്നു തെളിയിക്കുന്നതായിരുന്നു അഗ്നിത്തൂണ് (പുറപ്പാട് 40:36-38; സംഖ്യാ പുസ്തകം 9:15-23). സമാഗമന കൂടാരം മുഖാന്തരം ദൈവം തന്റെ ജനങ്ങൾക്കിടയിൽ വസിക്കുകയും, അവരെ നയിച്ചു അവരോടൊപ്പം ജീവിക്കയും ചെയ്തിരുന്നു.

പുതിയ നിയമത്തിൽ, സഭ ദൈവത്തിന്റെ ആത്മാവിനാൽ ദൈവം വസിക്കുന്ന സ്ഥലമാണ്. പൗലൊസ് കൊരിന്ത്യ സഭയ്ക്ക് എഴുതി, “ദൈവാലയത്തിന് വിഗ്രഹങ്ങളോട് എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ; എന്നു ദൈവം അരുളി ചെയ്തിരിക്കുന്നുവല്ലോ, അതുകൊണ്ടു അവരുടെ ‘നടുവിൽ നിന്ന് പുറപ്പെട്ട് വേർപ്പെട്ടിരിപ്പിൻ എന്നു കർത്താവു അരുളി ചെയ്യുന്നു; ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രൻമാരും പുത്രിമാരും ആയിരിക്കും’” (2 കൊരിന്ത്യർ 6:16). പൗലൊസ് എഫെസ്യർ 2-ൽ ജാതികളും ക്രിസ്ത്യാനികളായിത്തീർന്നു എന്നു പറഞ്ഞിരിക്കുന്നു,

> ആകയാൽ നിങ്ങൾ ഇനി അന്യൻമാരും പരദേശികളുമല്ല വിശുദ്ധൻമാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രെ ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലൻമാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു; അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിനു ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു (എഫെസ്യർ 2:19-22).

രണ്ടു വിധത്തിൽ ദൈവം ക്രിസ്ത്യാനികളിൽ വസിക്കുന്നു: ഒന്ന്, അവന്റെ ആത്മാവ് ഓരോ വ്യക്തികളായി ക്രിസ്ത്യാനികളിൽ വസിച്ച്, അവരുടെ ഹൃദയം അവന്റെ ആലയമായി ഉപയോഗിക്കുന്നു. ക്രിസ്ത്യാനികൾക്ക് അവരുടെ ശരീരങ്ങളെ ആത്മാവ് വസിക്കുന്നതിനാൽ ശുദ്ധീകരിപ്പാൻ സഹായിക്കുന്നു: “ദുർന്നടപ്പു വിട്ടു ഓടുവിൻ ... ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരമെന്നും നിങ്ങളെ വിലക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?” (1 കൊരിന്ത്യർ 6:18, 19).

രണ്ട്, ദൈവത്തിന്റെ ആത്മാവ് ക്രിസ്ത്യാനികളുടെ ശരീരത്തിൽ, സഭയായി സഹകരിച്ചു വസിക്കുന്നു. കൊരിന്ത്യ സഭയെക്കുറിച്ചു പൗലൊസ് എഴുതി, "നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലയോ?" (1 കൊരിന്ത്യർ 3:16). "നിങ്ങൾ" എന്ന ഗ്രീക്കു വാക്ക് ബഹുവചനരൂപത്തിലാണ് ഉപയോഗിച്ചത്. വിശ്വാസികളുടെ ശരീരങ്ങളിൽ, സഭയിൽ ആത്മാവ് വസിക്കുന്നതിനെയാണ് ഇവിടെ പറഞ്ഞിരിക്കുന്നത്, അല്ലാതെ വ്യക്തികളായ ക്രിസ്ത്യാനികളെ ഉദ്ദേശിച്ചല്ല.

ദൈവം തന്റെ ജനത്തിൽ എങ്ങനെ വസിക്കും എന്നതിനെക്കുറിച്ച് നമുക്ക് എല്ലാവർക്കും ചോദ്യങ്ങൾ ഉണ്ടാകും. എങ്ങനെയായാലും, നമുക്ക് തീർച്ച ആക്കാവുന്ന സത്യം എന്തെന്നാൽ അവന്റെ വാസം തന്റെ വചനത്തോടു കൂടി ആയിരിക്കും, കാരണം ദൈവം തന്റെ വചനം മുഖാന്തരമാണ് പ്രവർത്തിക്കുന്നത് (എഫെസ്യർ 6:17). ഈ വേദഭാഗങ്ങളിൽ, ദൈവം വസിക്കുന്നതിനെക്കുറിച്ച് വിശദീകരിക്കുകയല്ല; അവനത് പറയുകമാത്രമാണ് ചെയ്തത്. ഈ വേദ ഭാഗങ്ങളിൽ നിന്ന് ക്രിസ്ത്യാനികൾ മനസ്സിലാക്കേണ്ട സത്യം ദൈവം വ്യക്തികളിലും കൂട്ടായും വസിക്കുന്നു എന്നതാണ്. അവൻ നമ്മിൽ വസിച്ച്; അവൻ നമ്മിൽ ജീവിക്കുകയും ചെയ്യുന്നു.

എൺപതുവയസ്സായപ്പോൾ, ഹോരേബിൽ വെച്ച് മോശെ മുൾപടർപ്പു കത്തുമ്പോൾ ദൈവത്തെ കണ്ടു (പുറപ്പാട് 3:1). ദൈവം അവനോടു പറഞ്ഞു, "... നീ എന്റെ ജനമായ യിസ്രായേൽ മക്കളെ മിസ്രയിമിൽ നിന്ന് പുറപ്പെടുവിക്കേണ്ടതിനു ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയക്കും" (പുറപ്പാട് 3:10). ദൈവത്തിനു വേണ്ടി അവൻ മിസ്രയിമിൽ പോകണമെന്ന് വിചാരിച്ചില്ല, എന്നാൽ അവന്റെ ഒഴികഴിവിനോട് പ്രതികരിച്ചത് കൊണ്ട്, മോശെ മുൾപടർപ്പു വിട്ട് മിസ്രയിമിലേക്കു പോയി, ഇസ്രായേലിനെ വിടുവിക്കുവാനുള്ള ദൗത്യം ഏറ്റെടുത്തു. മോശെ ഉടനെ ദൈവത്തെ *കാണുന്നതും* ദൈവത്തോടു *കൂടെ നടക്കുന്നതും* തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കി. മോശെ ഹോരേബിൽ വെച്ച് ദൈവത്തെ കാണുകയും ആജ്ഞ ലഭിക്കുകയും ചെയ്തു. ഹോരേബ് വിട്ട് അവർ അവന്റെ ദൈവത്തോടു കൂടെ നടന്നു. മോശെയോട് യഹോവ പറഞ്ഞു, "തീർച്ചയായും, ഞാൻ നിന്നോടു കൂടെ ഉണ്ടായിരിക്കും, ..." (പുറപ്പാട് 3:12) ദൈവം വാഗ്ദാനം ചെയ്തതുപോലെ എല്ലാ ബാധകളിലും ചെങ്കടലിൽ കൂടെയും സിനായ് പർവ്വതത്തിലേക്കു യിസ്രായേലിനെ നയിക്കുവാൻ അവൻ മോശെയോടു കൂടെ നടന്നു.

സഭയിൽ, ദൈവാലയത്തിൽ, ക്രിസ്തുവിൽ നാം ദൈവത്തെ കാണുക മാത്രമല്ല, തുടർന്നും അവൻ നമ്മിൽ വസിക്കുകയും, നമ്മോടൊപ്പം നടക്കുയും ചെയ്യും. ക്രിസ്ത്യാനികൾക്കു ധൈര്യപ്പെട്ടിരിക്കാമെന്നു അവൻ വീണ്ടും ഉറപ്പിക്കുന്നു! നാം വിശ്വസ്തരായി ക്രിസ്തീയ ജീവിതം നയിക്കുമ്പോൾ, നാം ഓരോ ദിവസവും ദൈവത്തോടുള്ള കൂട്ടായ്മയിലാണ് നടക്കുന്നത്. അവന്റെ അനുഗ്രഹപ്രദമായ കൂട്ടും ശക്തിയും ഇല്ലാതെ ഒരു പ്രയാസവും അല്ലെങ്കിൽ പരീക്ഷണവും നേരിടേണ്ടതില്ല.

യോഹന്നാൻ എഴുതി, "അവനോടു കൂട്ടായ്മ ഉണ്ട് എന്നു പറയുകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക് പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട് അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹന്നാൻ 1:6, 7).

**ഒരു ആരാധനാ സ്ഥലം**

മൂന്നു, സഭ, ദൈവാലയം, ഒരു ആരാധനാസ്ഥലമാണ്. ക്രിസ്ത്യാനി ഭദ്രാസനപ്പള്ളിയായി നടക്കുന്നു.

പത്രൊസ് പറഞ്ഞു, "നിങ്ങളും ജീവനുള്ള കല്ലുകൾ എന്ന പോലെ ആത്മിക ഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധ പുരോഹിത വർഗമാകേണ്ടതിനു പണിയപ്പെടുന്നു" (1 പത്രൊസ് 2:5). അവൻ വീണ്ടും പറഞ്ഞു, "നിങ്ങളോ അന്ധകാരത്തിൽ നിന്നു അത്ഭുതപ്രകാശത്തിലേക്കു വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും സ്വന്തജനവും ആകുന്നു" (1 പത്രൊസ് 2:9). ദൈവത്തിന്റെ പുരോഹിതന്മാരായ ക്രിസ്ത്യാനികൾ ഇന്നു, എവിടെയും എപ്പോഴും ദൈവത്തിനു യാഗം കഴിക്കേണ്ടവരാണ്. യേശു മുഖാന്തരം, നമുക്കു ദൈവത്തോടു ധൈര്യത്തോടെ അടുത്തു ചെല്ലാമെന്നു എബ്രായ ലേഖകൻ പറഞ്ഞിരിക്കുന്നു: "അതുകൊണ്ടു കരുണ ലഭിപ്പാനും തൽസമയത്തു സഹായത്തിനുള്ള കൃപ ലഭിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക" (എബ്രായർ 4:16).

ഇനിമുതൽ ദൈവം നിർദ്ദേശിച്ച പർവ്വതത്തിലോ കെട്ടിടത്തിലോ ആയിരിക്കയില്ല ദൈവത്തെ നമസ്കരിക്കുക എന്നു യാക്കൊബിന്റെ കിണറ്റിനരികിൽ വെച്ചു ശമര്യക്കാരി സ്ത്രീയോടു യേശു പറഞ്ഞു. അവൻ പറഞ്ഞു, "സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക, നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നതു ഈ മലയിലുമല്ല, യെരുശലേമിലുമല്ല എന്നുള്ള നാഴിക വരുന്നു" (യോഹന്നാൻ 4:21). ഭാവിയിൽ ആരാധന സ്വീകരിക്കുന്നതു ഭൗതികമായ ഒരു സ്ഥലത്തേക്കു നടന്നുകൊണ്ടല്ല, പിന്നെയോ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നതുകൊണ്ടാണ് അവൻ പിന്നെയും ശമര്യക്കാരി സ്ത്രീയോടു പറഞ്ഞു, "സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു" (യോഹന്നാൻ 4:23). യേശു പറഞ്ഞതു ക്രിസ്തീയ കാലത്തെ കുറിച്ചാണ്, ക്രിസ്ത്യാനികൾക്കു പുരോഹിതന്മാരായി, ദൈവത്തെ എവിടെയും, ഏതു സമയത്തും നമസ്കരിക്കാം.

നമുക്കു പൂർണ്ണമായും ദൈവത്തോടു അടുക്കാവുന്നതുകൊണ്ടു, ക്രിസ്ത്യാനികൾക്കു ആരാധിക്കുവാനും (യോഹന്നാൻ 4:23), പ്രായശ്ചിത്തത്തിനും (1 യോഹന്നാൻ 2:1), ദൈവശക്തിക്കും അവസരമുണ്ട് (എഫെസ്യർ 1:19). ദൈവത്തിന്റെ പുരോഹിതന്മാർ ആയതു

കൊണ്ടു ധനികരായ സമൃദ്ധി ലഭിച്ചിരിക്കുന്നു, അതുകൊണ്ടു, "അവൻ മുഖാന്തരം നാം ദൈവത്തിനു അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക" (എബ്രായർ 13:15).

## ഉപസംഹാരം

സഭ ദൈവത്തിന്റെ മന്ദിരമാകുന്നു! എന്തൊരു വെല്ലുവിളി നല്കുന്ന സത്യം! ദൈവം സന്ധിക്കുന്ന സ്ഥലമാണ് സഭ, ദൈവത്തിന്റെ വാസസ്ഥലവും, നാം ദൈവത്തെ ആരാധിക്കുന്ന സ്ഥലമാണ്.

നിങ്ങൾ ക്രിസ്തുവിന്റെ സഭയിലെ അംഗമാണോ? നിങ്ങൾ ക്രിസ്തുവിനു പുറത്താണെങ്കിൽ ഇവയെല്ലാം നിങ്ങൾക്കു നഷ്ടമാകും എന്നു ചിന്തിക്കുക. ക്രിസ്തുവിനു പുറത്താണെങ്കിൽ അവൻ മനുഷ്യരെ കാണുന്ന സ്ഥലത്തിനു പുറത്താണെന്നർത്ഥം. നിങ്ങൾ മതപരമായി എന്തൊക്കെ ചെയ്താലും നിങ്ങൾ ദൈവത്തെ കണ്ടുമുട്ടുകയോ അല്ലെങ്കിൽ നിങ്ങൾ അവന്റെ അടുക്കൽ എത്തുകയോ ചെയ്തിട്ടില്ല. അവനു പുറത്തു നിങ്ങൾക്കു അവനോടു കൂടെ വസിപ്പാൻ സാധ്യമല്ല. അങ്ങനെയാണെങ്കിൽ നിങ്ങൾക്കു അവനോടൊപ്പം ജീവിപ്പാനോ, അവനോടുകൂടെ നടക്കുവാനോ സാധ്യമല്ല. അവനു പുറത്തു സ്വീകാര്യമായി ദൈവത്തെ ആരാധിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല. അവനു പുറത്ത് അവൻ നിയോഗിച്ച സ്ഥലത്ത്, ക്രിസ്തീയ ഹൃദയങ്ങളിൽ അവൻ രൂപപ്പെടുത്തിയ വിധത്തിൽ നിങ്ങൾക്കു അവനെ ആരാധിക്കുവാൻ സാധ്യമല്ല. നിങ്ങൾ ക്രിസ്തുവിന്റെ ശരീരത്തിനു പുറത്താണെങ്കിൽ, അവന്റെ ശരീരത്തിൽ പ്രവേശിക്കുവാൻ തീരുമാനിക്കുക (റോമർ 6:3) അങ്ങനെ ഈ ജീവിതത്തിലും നിത്യതയിലും ദൈവത്തോടു കൂടെ നടക്കാം.

ദൈവത്തിന്റെ സാന്നിധ്യവും കരുണയും ദാനങ്ങളും അനുഭവിക്കുവാൻ, നിങ്ങൾ ദൈവോദ്ദേശ സ്ഥലത്തായിരിക്കണം. മോശെ മിസ്രയിമിൽ പോയി ദൈവജനത്തെ വിടുവിക്കുക എന്നത് ദൈവോദ്ദേശം ആയിരുന്നു. മോശെ എതിർദിശയിലേക്കു പോയിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? അവനു ദൈവസാന്നിധ്യമോ, ദാനങ്ങളോ, ശക്തിയോ ലഭിക്കുമായിരുന്നില്ല. അതു സത്യമാണ് കാരണം ദൈവോദ്ദേശത്തിനു പുറത്തു അനുഗ്രഹങ്ങൾ ഇല്ല. യോനാ ദൈവത്തോടു കൂടെ നിനെവെയിലേക്കു പോകേണ്ടിയിരുന്നു, എന്നാൽ യോനാ തർശീശിലേക്കു പോയി. ബൈബിൾ പറയുന്നു, "... യഹോവയുടെ സന്നിധിയിൽ നിന്നു തർശീശിലേക്കു പോകുന്ന ഒരു കപ്പൽ കണ്ടു കൂലി കൊടുത്തു *യഹോവയുടെ സന്നിധിയിൽ നിന്നു* അവരോടുകൂടെ തർശീശിലേക്കു പൊയ്ക്കളയാൻ അതിൽ കയറി" (യോനാ 1:3; എംഫസിസ് മൈൻ). യോനാ തർശീശിലേക്കു പോകാതെ നിനെവെയിലേക്കു പോകേണ്ടതായിരുന്നു. ദൈവോദ്ദേശമുണ്ടായിരുന്ന സ്ഥലം നിനെവെ ആയിരുന്നു; തർശീശ് ആയിരുന്നില്ല.

ദൈവത്തിന്റെ മന്ദിരമായ, സഭയിൽ വരുന്നവർ ആരായിരുന്നാലും, ആ ശരീരത്തിൽ ദൈവത്തിന്റെ ഉദ്ദേശങ്ങളിലേക്കാണ് വരുന്നത്. ദൈവം

അവരോടു പറയുന്നു, “ഞാൻ നിങ്ങൾക്കു പിതാവും, നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും” (2 കൊരിന്ത്യർ 6:18). ഒരാൾ ക്രിസ്ത്യാനി ആയിത്തീരുമ്പോൾ, അവന്റെ ശരീരം, മൺകൂടാരത്തിൽനിന്ന് ദൈവതേജസ്സുള്ള മന്ദിരമാകുന്നു!

### ചർച്ചയ്ക്കും പഠനത്തിനും ഉള്ള ചോദ്യങ്ങൾ

1. അഗസ്റ്റിൻ പറഞ്ഞു,” ദൈവമേ, ഞങ്ങളുടെ ഹൃദയങ്ങൾ വിശ്രമമില്ലാതിരിക്കുന്നു, അവൻ എന്നിൽ വിശ്രമം കണ്ടെത്തുന്നതു വരെ” എന്താണ് ഈ പ്രസ്താവനയുടെ അർത്ഥം?
2. ദൈവം നമ്മോടു കൂട്ടായ്മ ആചരിക്കുവാൻ ആഗ്രഹിക്കുന്നു എന്നതിനു തെളിവെന്ത്? ഇതു സത്യമാണെന്ന് വിശ്വസിക്കുവാൻ തക്ക കാരണങ്ങൾ എഴുതുക.
3. ദൈവം നമ്മുടെ കൂട്ടായ്മ ആഗ്രഹിക്കുന്നു എന്നു പഠിപ്പിക്കുന്ന വാക്യങ്ങൾ ഏതെല്ലാം?
4. ദൈവവും മനുഷ്യരും “സന്ധിക്കുന്ന” സഭ എങ്ങനെയുണ്ട്?
5. പഴയനിയമ കാലയളവിൽ, ദൈവവും മനുഷ്യരും എങ്ങനെ ആചരിച്ചു?
6. ക്രിസ്തീയ കാലത്തിൽ സഭ എങ്ങനെ ദൈവത്തിന്റെ “വാസ സ്ഥലം” ആകുന്നു എന്നു വ്യക്തമാക്കുക.
7. സമാഗമന കൂടാരം യിസ്രായേലിന്റെ ദൈവത്തിന്റെ വാസസ്ഥലം എന്നു അവരെ ഓർമിപ്പിക്കുന്നതെങ്ങനെ?
8. ക്രിസ്ത്യാനികളിൽ രണ്ടു വിധത്തിൽ ദൈവം വസിക്കുന്നതെങ്ങനെ എന്നു വിശദീകരിക്കുക (1 കൊരിന്ത്യർ 6:18, 19; 3:16).
9. ക്രിസ്തുവിന്റെ സഭ എങ്ങനെ ഒരു “ആരാധനാ സ്ഥലം” ആകുന്നു?
10. സത്യാരാധനയുമായുള്ള ബന്ധത്തിൽ ഭൗതിക സ്ഥലം എങ്ങനെ കണക്കാക്കുന്നു എന്നു പരാമർശിക്കുക.
11. സഭ ദൈവത്തിന്റെ ആലയമായ സഭയിൽ, ന്യായ പ്രമാണത്തിലുണ്ടായിരുന്ന പഴയ നിയമത്തിലുള്ളതിനേക്കാൾ അനുഗ്രഹങ്ങൾ കൂടുതലാണ്.
12. ഇന്നു നാം ദൈവ മന്ദിരത്തിൽ എങ്ങനെ പ്രവേശിക്കും?

© 2009 Truth for Today